പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 12/03/2015 -ൽ മറുപടിക്ക്

നമ്പർ:1284

**രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ.വി. ചെന്താമരാക്ഷൻ<br>ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) വരുമാന വർദ്ധനവിനായി രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങൾ ലക്ഷ്യം കൈവരിക്കാൻ സഹായകരമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; | എ) പരിശോധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ ലക്ഷ്യം കൈവരിക്കാൻ സഹായകരമായിരുന്നു. |
| ബി) ഈ പരിഷ്ക്കാരങ്ങൾ കാരണം വകുപ്പിലെ വരുമാനത്തിൽ വൻ കുറവ് ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) രജിസ്ട്രേഷൻ വകുപ്പിൽ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയതുമൂലം വരുമാനത്തിൽ കുറവ് വന്നിട്ടില്ല. |
| സി) ഏത് സാഹചര്യത്തിലാണ് ഈ പരിഷ്ക്കാരങ്ങളിൽ ചിലതിൽ നിന്നെങ്കിലും പിൻമാറേണ്ടി വന്നത് എന്ന് വിശദമാക്കാമോ; | സി) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങളിൽ ചിലത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് ചില പരിഷ്ക്കാരങ്ങളിൽ നിന്ന് സർക്കാർ പിൻമാറിയത്. |
| ഡി) മുമ്പ് രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ അണ്ടർ വാലേഷൻ നടപടികൾ നടക്കുന്നുണ്ടോ; ഈയിനത്തിൽ ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ഡി) വില കുറച്ചുവച്ച് രജിസ്റ്റർ ചെയ്യുന്നതായി കണ്ടെത്തുന്ന ആധാരങ്ങളിൻമേൽ അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈയിനത്തിൽ ഇതുവരെ 150.57 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

ഇ) രജിസ്ട്രേഷൻ ഇനത്തിൽ, ഈ സർക്കാരിന്റെ ഓരോ സാമ്പത്തിക വർഷത്തേയും വരുമാനം സംബ ന്ധിച്ച് വിശദമാക്കാമോ ?

ഇ)

| വർഷം | മുദ്രവില (കോടി രൂപയിൽ) | രജി. ഫീസ് (കോടി രൂപയിൽ) | ആകെ വരു മാനം (കോടി രൂപയിൽ) |
|---|---|---|---|
| 2011–12 | 2017.30 | 755.76 | 2773.06 |
| 2012–13 | 2034.55 | 713.03 | 2747.58 |
| 2013–14 | 1577.49 | 775.99 | 2353.48 |
| **2014–15 (2015 ഫെബ്രുവരി വരെ)** | **1451.68** | **679.19** | **2130.87** |

സെക്ഷൻ ഓഫീസർ.